## മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ഡൽഹി ഭദ്രാസനത്തിൻെറ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പായിൽ നിന്നും

**സർക്കുലർ നമ്പർ : 45**

നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടേയും വികാരിമാരും, ചുമതലക്കാരും, ഇടവക ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്,

കർത്താവിൽ പ്രിയരെ,

ദൈവത്തിൻെറ അതിരറ്റ കരുണയാൽ 2001 ഒക്ടോബർ മാസം മുതൽ മുംബൈ-ഡൽഹി ഭദ്രാസനത്തിൻെറയും തുടർന്ന് 2005 മുതൽ മുംബൈ എന്നും ഡൽഹി എന്നും രൂപീകൃതമായ ഭദ്രാസനങ്ങളുടെ പ്രഥമ മെത്രാൻ എന്ന നിലയിലും നിങ്ങളെ ശുശ്രൂഷിപ്പാൻ ലഭിച്ച ഏഴ് സംവത്സരങ്ങൾക്കായി ദൈവത്തെ സ്തുതിക്കുന്നു. മാർത്തോമ്മാ സഭയുടെ ഈ ചെറിയ ഭദ്രാസനങ്ങളുടെ ചുമതല ഏറെ സന്തോഷത്തോടെയാണ് ഞാൻ ഏറ്റത്. ഗോവ, മഹാരാഷ്ട്ര, ഗുജറാത്ത്, കുവൈറ്റ് തുടങ്ങിയ മുംബൈ ഭദ്രാസനവും രാജസ്ഥാൻ മുതൽ ജമ്മു വരെയും തുടർന്ന് ബംഗാൾ മുതൽ അരുണാചൽ പ്രദേശ് വരെയും താഴെ ഒറിസ്സ മുതൽ ഡൽഹി വരെ പരന്ന് കിടക്കുന്ന ഡൽഹി, കുവൈറ്റിലെ അഹമ്മദി പ്രദേശവും ചേർന്ന് വിശാലമായ വടക്കേന്ത്യൻ പ്രദേശങ്ങളും ഉൾപ്പെടുന്ന ഈ ഭദ്രാസനങ്ങൾ തലങ്ങും വിലങ്ങും യാത്ര ചെയ്ത് ചിതറി പാർക്കുന്ന വിശ്വാസികൾക്ക് ഇടയ പരിപാലനം നൽകി കൊടുപ്പാൻ ബലഹീനനായ എന്നെ ദൈവം തുണച്ചു. മഹാരാഷ്ട്ര മിഷൻെറ ഫലമായി 500-ൽ അധികം മറാഠികളും ഈ ക്രിസ്താനുഭവത്തിലേക്ക് വന്നത് ഏറെ സന്തോഷകരമായ വസ്തുതയാണ്. ആന്ധ്രാപ്രദേശിൽ ശ്രീകാകുളം ജില്ലയിൽപ്പെട്ട 24 സുവിശേഷകരും അവരുടെ Congregation-നും ഉൾപ്പടെ 800-ൽ അധികം സത്യാന്വേഷകർ മർത്തോമ്മാ സഭയിലേക്ക് ചേർന്നത് അതിലും വലിയ സന്തോഷം തരുന്നതാണ്. ഇവരുടെ എല്ലാ ഭാഷകളിലും നമ്മുടെ തക്സാ വിവർത്തനം ചെയ്ത് അതിൽ അവരെ പങ്കുകാരാക്കുന്നതിനും സാധിച്ചു. 'എൻെറ കർത്താവും എൻെറ ദൈവവുമേ' എന്ന പേരിൽ, 5 വർഷത്തെ പ്രയത്ന ഫലമായി നമ്മുടെ സഭയുടെ ചരിത്രം, വിശ്വാസം, മിഷൻ, സുവിശേഷ പ്രവർത്തനങ്ങൾ ഇവ കേന്ദ്രീകരിച്ച് ഒരു C.D കാസറ്റ് വലിയ തിരുമേനിയുടെ 90-ാം പിറന്നാളിൽ പുറത്തിറക്കുവാൻ സാധിച്ചത് വലിയ ദൈവകൃപ തന്നെ. മുംബൈയിലും ഡൽഹിയിലും കുവൈറ്റിലും വലിയ തിരുമേനിയിടെ 90-ാം പിറന്നാൾ ഭക്തിസാന്ദ്രമായ ഒരു അന്തരീക്ഷത്തിൽ ആത്മനിർവൃതിയോടെ നടപ്പക്കാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. ഈ കാലയളവിൽ മാർത്തോമ്മാ സഭയുടെ സിംഹാസനത്തിൽ 21-ാം മാർത്തോമ്മയായി വാണരുളുന്നതിന് ജോസഫ് മർത്തോമ്മായെ ദൈവം ഒരുക്കി. ലോണാവാലയിൽ ആരംഭിച്ചിരിക്കുന്ന ക്യാമ്പ് സെൻറർ ഒരു നല്ല

സെൻററായി വളർന്ന് വരും എന്ന് എനിക്ക് നിശ്ചയമുണ്ട്. നവജീവൻ സെൻറർ സഭയുടെ ദൈവ സ്നേഹത്തിൻെറ കേന്ദ്രമായി വർത്തിച്ചു വരുന്നു. വാപി ആശുപത്രി, അതോടൊപ്പം ആരംഭിച്ച സ്കൂൾ, സൂററ്റിലെ സ്കൂൾ, ചെമ്പൂരെ സ്കൂൾ, വ്യത്യസ്ത കഴിവുള്ള കുട്ടികൾക്കു വേണ്ടിയുള്ള കല്യാണിലെ സ്കൂൾ ഇവയുടെ വളർച്ച അത്ഭുതാവഹമാണ്. ഉത്തരേന്ത്യയിലെ 85 ഗ്രാമജ്യോതി സ്കൂളുകൾ, വ്യവഹാരി, കാൺപൂർ, പാട്ന, റാഞ്ചി, ഇൻഡോർ, ഡൽഹി, കോർബ, റ്റിബററൻ ബോർഡർ, ഭുവനേശ്വർ, സിഹോറാ, ജയ്പൂർ, ജബൽപൂർ തുടങ്ങിയ വിവിധ സ്ഥലങ്ങളിലുള്ള സ്കൂളുകളും സീഹോറാ, സത്നാ ആശ്രമങ്ങളും ഉത്തരേന്ത്യയിലുള്ള ക്രിസ്തു സാനിദ്ധ്യം വെളിപ്പെടുത്തുന്ന സ്ഥലങ്ങളായി പരിണമിക്കട്ടെ. ഖാസിയാബാദിൽ പുതിയതായി ഒരു സ്കൂൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനവുമായി മുമ്പോട്ട് പോകുന്നു. ധർമ്മ ജ്യോതി വിദ്യാപീഠ് B.D.Level-ലുള്ള ഒരു കോളജായി മുമ്പോട്ട് കുതിക്കുകയാണ്. അവിടെയും ഒരു Higher Secondary School ആരംഭിക്കുകയാണ്. സ്കൂളുകളിലൂടെ ഉള്ള മിഷൻ പ്രവർത്തനമാണ് ഈ കാലത്ത് ദൈവം നമ്മെ ഭരമേൽപ്പിച്ചിരിക്കുന്നത്. ചുറുചുറുക്കോടെ പ്രവർത്തിക്കുന്ന വൈദികരുടെയും ആത്മാർത്ഥതയോടു കൂടെ ജീവൻെറ സുവിശേഷത്തിൽ പങ്കാളികളായ വിശ്വാസികളായ ജനങ്ങളോടും വിവിധ മതാനുസാരികളോടും ചേർന്നുള്ള സുവിശേഷ നിർവ്വഹണത്തിന് പങ്ക് തന്ന ദൈവത്തിന് സ്തോത്രം. 2009 ജനുവരി 1 മുതൽ അടൂർ ഭദ്രാസനത്തിലേക്ക് മാറ്റപ്പെടുന്നു. നമ്മുടെ ഭദ്രാസനത്തിലേക്ക് പുതിയതായി നിയമിക്കപ്പെട്ടിരിക്കുന്ന ഏബ്രഹാം മാർ പൗലോസ് തിരുമേനിയെ ഏറ്റം സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. പ്രാർത്ഥാപൂർവ്വമായ സഹകരണം നിങ്ങൾ നൽകി കൊടുക്കുക.

നമ്മുടെ കർത്താവേശുമശിഹായുടെ കൃപ വത്സരരേ നിങ്ങളോടേവരോടും കൂടെ വർദ്ധിച്ച് വരുമാറാകട്ടെ.

ക്രിസ്താബ്ദം 2008 ഡിസംബർ മാസം 21-ാം തീയതി മാർത്തോമ്മാ സഭാദിനത്തിൽ ഡൽഹി അരമനയിൽ നിന്നും.

**ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ**